ഫുട്ട്‌വെയർ പാർക്ക്, ഒരു ഫുഡ് പാർക്ക് എന്നിവ സ്ഥാപിക്കുന്നതിന് നടപടികളെടുത്തു. കണ്ണൂർ വ്യവസായ വളർച്ചാകേന്ദ്രത്തിന്റെ വികസനത്തിനായി 372 ഏക്കർ ഭൂമികൂടി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആലപ്പുഴയിലും കോഴിക്കോട്, കണ്ണൂർ വ്യവസായ വളർച്ചാ കേന്ദ്രങ്ങളിലും അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ദ്രുതഗതിയിൽ പൂർത്തിയായി കൊണ്ടിരിക്കുന്നു.

(എഫ്) സ്വീകരിക്കുന്നതാണ്.

## പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനായി എസ്.എസ്.എ. നടത്തുന്ന പ്രവർത്തനങ്ങൾ

15 (*255) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനായി സർവ്വശിക്ഷാ അഭിയാൻ പദ്ധതിയുടെ പ്രവർത്തനം എത്രമാത്രം പ്രയോജനപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അദ്ധ്യാപക ശാക്തീകരണത്തിനായി എസ്.എസ്.എ. നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ;

(സി) വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതി പ്രയോജനപ്പെട്ടിട്ടുണ്ടോ എന്ന് വിശദമാക്കുമോ ;

(ഡി) വിദ്യാലയങ്ങളിൽ ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങളിൽ പഠനനിലവാരം ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(ഇ) പൊതു വിദ്യാഭ്യാസ മേഖലയിൽ എസ്.എസ്.എ. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) വിദ്യാഭ്യാസ ഗുണനിലവാരമുയർത്തുന്നതിനായി സർവ്വശിക്ഷാ അഭിയാൻ പദ്ധതി മുഖേന നടപ്പിലാക്കിവരുന്ന വിവിധ പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിൽ ഗുണപരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. അവ താഴെ വിവരിക്കുന്നു :

- ഇംഗ്ലീഷ് പഠനത്തിൽ മുന്നേറ്റമുണ്ടായി
- ശാസ്ത്രാവബോധം വർദ്ധിപ്പിക്കാൻ വഴിയൊരുക്കി

LIBRARY ARCHIVES Kerala Legislative Assembly

- അടിസ്ഥാന ഗണിത ഭാഷാശേഷികളിൽ കുട്ടികൾ മികച്ച നിലവാരത്തിലെത്തി
- കമ്പ്യൂട്ടർ സഹായത്തോടെയുള്ള പഠനത്തിന് തുടക്കം കുറിച്ചു.

വിദ്യാലയങ്ങളിലുണ്ടായ നേട്ടങ്ങൾ പൊതുസമൂഹവുമായി പങ്കുവയ്ക്കുന്നതിനുള്ള 'മികവുത്സവം 2011' ഇപ്പോൾ നടന്നുവരികയാണ്. 2007-08, 2008-09 വർഷങ്ങളിൽ കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം പ്രസിദ്ധീകരിച്ച വിദ്യാഭ്യാസ വികസന സൂചകപ്രകാരം കേരളം പ്രാഥമിക വിദ്യാഭ്യാസത്തിൽ മുമ്പിലാണ്.

(ബി) അദ്ധ്യാപക ശാക്തീകരണത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ താഴെപ്പറയുന്നു :

(i) അവധിക്കാല അധ്യാപക പരിശീലനം

(ii) ക്ലസ്റ്റർ പരിശീലനം

(iii) വിദഗ്ദസ്ഥാപനങ്ങളുമായി സഹകരിച്ചുള്ള പരിശീലനം

(iv) വിഭവ സി.ഡി.കളും റിസോഴ്സ് മെറ്റീരിയലുകളും നൽകിയുള്ള ശാക്തീകരണം

(v) പരസ്പരം സന്ദർശിച്ചുള്ള അനുഭവം പങ്കിടൽ

(vi) ഇന്റർനെറ്റ്, ബ്ലോഗ് എന്നീ സാധ്യതകൾ പ്രയോജനപ്പെടുത്തിയുള്ള അനുഭവകൈമാറ്റം

(vii) ക്ലസ്റ്റർ റിസോഴ്സ് സെന്ററുകൾ കേന്ദ്രീകരിച്ചുള്ള ശിൽപ്പശാലകൾ

(സി) വിദ്യാലയങ്ങളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന് എസ്.എസ്.എ പദ്ധതി വളരെയധികം പ്രയോജനപ്പെട്ടിട്ടുണ്ട്.

2002 മുതൽ 2010 വരെ സംസ്ഥാനത്തെ വിവിധ വിദ്യാലയങ്ങളിൽ 6335 പെൺകുട്ടികളുടെ ടോയ്‌ലറ്റുകളും, 9494 മൂത്രപ്പുരകളും, 6578 അധിക ക്ലാസ് മുറികളും, 8385 കുടിവെള്ള യൂണിറ്റുകളും, 2717 ചുറ്റുമതിലുകളും, 3548 ഇടഭിത്തികളും നിർമ്മിക്കുകയും 5640 സ്കൂളുകളിൽ വൈദ്യുതീകരണം നടത്തുകയും, 49 ഹെഡ്മാസ്റ്റർമാരുടെ മുറികൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) വിശദവിവരം ചുവടെ ചേർക്കുന്നു.

ശാസ്ത്രപഠനം

(i) അന്താരാഷ്ട്രജ്യോതിശാസ്ത്ര വർഷാചരണത്തിന്റെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങൾ

(ii) ശാസ്ത്രലാബ് ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ

(iii) പ്രാദേശികവിഭവങ്ങൾ പ്രയോജനപ്പെടുത്തൽ

LIBRARY ARCHIVES Kerala Legislative Assembly

(iv) ജൈവവൈവിധ്യാവർഷാചരണ പ്രവർത്തനങ്ങൾ

(v) ശാസ്ത്രപഠനത്തിൽ നിരന്തര വിലയിരുത്തൽ

(vi) ശാസ്ത്രപഠനത്തിൽ നിരന്തര വിലയിരുത്തൽ പ്രായോഗികമാക്കൽ

(vii) ശാസ്ത്രാന്വേഷണപ്രോജക്ടുകൾ, അന്വേഷണപ്രശ്നങ്ങൾ ഇവ തയ്യാറാക്കി നൽകൽ

(viii) വിഭവ സി.ഡി.കൾ തയ്യാറാക്കി നൽകി

**ഗണിതപഠനം**

- എൽ.പി. വിഭാഗത്തിൽ ഗണിതകിറ്റുകൾ നൽകി
- ഗണിതപഠനത്തിനുള്ള വർക്ക്ഷീറ്റുകൾ നൽകി
- യു.പി. വിഭാഗത്തിൽ ഗണിതലാബുകൾ സജ്ജമാക്കി
- ഗണിതസെമിനാർ, പ്രോജക്ട് എന്നിവയ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകി
- വിദ്യാലയത്തെ ഗണിതവത്ക്കരിക്കാനുള്ള നടപടി സ്വീകരിച്ചു.
- ബാലശില്പികൾ, ശതശില്പികൾ എന്നിങ്ങനെ ഗണിതപഠനം മെച്ചപ്പെടുത്തുന്നതിനുള്ള ഗവേഷണാത്മക പ്രവർത്തനങ്ങൾ ഏറ്റെടുത്തു.

**സാമൂഹ്യശാസ്ത്രപഠനം**

- കമ്പ്യൂട്ടർ സഹായത്തോടെ സാമൂഹ്യ ശാസ്ത്രപഠനം നടത്തുന്നതിന് വിഭവ സി.ഡി.കൾ തയ്യാറാക്കി നൽകി.
- അധ്യാപകർക്ക് റിസോഴ്സ് മെറ്റീരിയലുകൾ തയ്യാറാക്കി നൽകി.
- പ്രാദേശിക വിദഗ്ദ്ധ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സാമൂഹ്യ ശാസ്ത്രപഠനം കാര്യക്ഷമമാക്കുന്നതിനുള്ള രീതികൾ പരിചയപ്പെടുത്തി
- ചരിത്രാന്വേഷണപഠനത്തെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു.

(ഇ)

| വർഷം | ചെലവ് (രൂപ ലക്ഷത്തിൽ) |
|---|---|
| 2007-08 | 13760.40 |
| 2008-09 | 16599.01 |
| 2009-10 | 19299.58 |

LIBRARY ARCHIVES Kerala Legislative Assembly